# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അകലക്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: നം.കെ.എസ്.എ.കെ.ടി.എം.പി13/765/2021

തീയതി 29.06.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 30/06/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അകലക്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.കെ.ടി.എം.പി13/765/2021 തീയ്യതി: 30/06/2021
തീയതി 29.06.2021

## കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-12-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2021 | 28-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 28-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ലേഖ .വി (ഓഡിറ്റ ഓഫിസർ)
അമ്പിളി.എം(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
കൊച്ചുമോൾ. എം (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
രഞ്ജിത് .എം(സീനിയർ ഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബേബി തോമസ് | പ്രസിഡന്റ് | 01-04-2019 | 27-08-2019 |
| ശ്രീ.ടോണി ഏബ്രഹാം | പ്രസിഡന്റ് | 28-08-2019 | 31-03-2020 |
| ശ്രീമതി.സൂസി ജോസഫ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാജലക്ഷ്മി | അസി.എഞ്ചിനീയർ | 01-04-2019 | 30-11-2019 |
| രീമതി റെജിമോൾ | അസി.എഞ്ചിനീയർ | 01-12-2019 | 15-01-2020 |
| ശ്രീമതി കവിത എസ് | അസി.എഞ്ചിനീയർ | 16-01-2020 | 31-03-2020 |
| ശ്രീമതി രശ്മി പ്രഭാകർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.വിമി ഇക്ബാൽ | മെഡിക്കൽ ഓഫീസർ , സി എച്ച് സി മുണ്ടൻകുന്ന് | 01-04-2019 | 31-03-2020 |
| ഡോ.ആന്റണി ജോസ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി ജലജാകുമാരി പി എസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ കുര്യാക്കോസ് മാത്യു റ്റി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി അമലാ | വി. ഇ. ഓ | 24-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| മാത്യു | | | |
| ശ്രീ മനു മോഹൻ | വി. ഇ. ഓ | 01-04-2019 | 31-03-2020 |
| ശ്രീമതി ജൂലി ജോസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ രവീന്ദ്രൻ കെ പി | ഹെഡ് മാസ്റ്റർ | 01-04-2019 | 30-04-2019 |
| ശ്രീമതി സറീന അബ്ദുൾ അസീസ് | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ജയാ ജേക്കബ് | ഹെഡ്മിസ്ട്രസ് | 01-05-2019 | 20-08-2019 |
| ശ്രീമതി അന്നാ പി ജോൺ | ഹെഡ്മിസ്ട്രസ് | 21-08-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha V (Audit Officer, On 26-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-1 |
| 2 | വാർഷിക കണക്കുകളുടെ അവലോകനം<br>Written By: Ambily M (Asst. Audit Officer, On 28-06-2021)<br>Last Updated By: Ambily M (Asst. Audit Officer, On 29-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Lekha V (Audit Officer, On 26-06-2021)<br>Last Updated By: Ambily M (Asst. Audit Officer, On 29-06-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ambily M (Asst. Audit Officer, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Lekha V (Audit Officer, On 26-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-5 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: Lekha V (Audit Officer, On 26-06-2021)<br>Last Updated By: Ambily M (Asst. Audit Officer, On 29-06-2021) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ambily M (Asst. Audit Officer, On 28-06-2021)<br>Last Updated By: Ambily M (Asst. Audit Officer, On 29-06-2021) | 1-7 |
| 8 | കാഷ് ബാലൻസ് പരിശോധന<br>Written By: Lekha V (Audit Officer, On 26-06-2021)<br>Last Updated By: Ambily M (Asst. Audit Officer, On 29-06-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Lekha V (Audit Officer, On 27-06-2021)<br>Last Updated By: Ambily M (Asst. Audit Officer, On 29-06-2021) | 1-9 |
| 10 | ഗ്രാമസഭകൾ<br>Written By: Lekha V (Audit Officer, On 27-06-2021)<br>Last Updated By: Ambily M (Asst. Audit Officer, On 29-06-2021) | 1-10 |
| 11 | മോഡൽ പോളിടെക്നിക് കോളേജ് മറ്റക്കര-ക്രമവൽക്കരണം<br>Written By: Ranjith M (Senior Grade Auditor, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-11 |
| 12 | കെ.ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്ട്സ് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-13 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും മറ്റുസേവനങ്ങൾക്കും ലൈസൻസ് നല്കൽ -അപാകതകൾ<br>Written By: M Kochumol (Senior Grade Auditor, On 25-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-14 |
| 15 | കെട്ടിട നിർമാണപെർമിറ്റ് അപേക്ഷകൾ തീർപ്പാക്കാത്തതു സംബന്ധിച്ച് | 1-15 |

| | | |
|---|---|---|
| | Written By: M Kochumol (Senior Grade Auditor, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | |
| 16 | നിക്ഷേപതുകകൾ ക്രമവൽക്കരിച്ചിട്ടില്ല<br>Written By: M Kochumol (Senior Grade Auditor, On 27-06-2021)<br>Last Updated By: Ambily M (Asst. Audit Officer, On 29-06-2021) | 1-16 |
| 17 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല<br>Written By: M Kochumol (Senior Grade Auditor, On 25-06-2021)<br>Last Updated By: Ambily M (Asst. Audit Officer, On 29-06-2021) | 1-17 |
| 18 | ഇ- ടെണ്ടർ ഫീസ് തിരികെ ലഭ്യമാക്കുവാൻ തുടർ നടപടി സ്വീകരിച്ചട്ടില്ല<br>Written By: Ambily M (Asst. Audit Officer, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-18 |
| 19 | ദുരിതാശ്വാസ നിധി സമാഹരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശുഷ്കാന്തി കാണിക്കുന്നില്ല<br>Written By: Lekha V (Audit Officer, On 26-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-19 |
| 20 | ക്ഷീരകർഷകർക്ക്സബ്സിഡിയിനത്തിൽ മതിയായ തുക അനുവദിക്കുന്നില്ല<br>Written By: Lekha V (Audit Officer, On 26-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-20 |
| 21 | ലൈഫ് പദ്ധതി അവലോകനം<br>Written By: Ranjith M (Senior Grade Auditor, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-21 |
| 22 | ലൈഫ് ഭവന പദ്ധതി പ്രകാരം നല്കിയ തുക വിനിയോഗിച്ചിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-22 |
| 23 | അഗതിരഹിത കേരളം പദ്ധതി പ്രവർത്തനങ്ങൾ<br>Written By: Lekha V (Audit Officer, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-23 |
| 24 | ടെണ്ടർ നടപടിക്രമം - ടെണ്ടർ നിരസിക്കുന്നതിന്റെയും , റീടെണ്ടർ ചെയ്യുന്നതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: Ambily M (Asst. Audit Officer, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-24 |
| 25 | പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും വിവിധ നികുതികൾ കുറവ് ചെയ്തതിലെ അപാകത<br>Written By: Ambily M (Asst. Audit Officer, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-25 |
| 26 | ക്ടാക്കുഴി കുടിവെള്ള പദ്ധതി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ambily M (Asst. Audit Officer, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-26 |
| 27 | ബാരൽ വില തിരികെ ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് അടവാക്കേണ്ടതാണ്.<br>Written By: Ambily M (Asst. Audit Officer, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-27 |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല<br>Written By: Lekha V (Audit Officer, On 27-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 1-28 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റ വിവരം<br>Written By: Lekha V (Audit Officer, On 26-06-2021)<br>Last Updated By: Ambily M (Asst. Audit Officer, On 29-06-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം<br>Written By: Lekha V (Audit Officer, On 26-06-2021)<br>Last Updated By: Ambily M (Asst. Audit Officer, On 29-06-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Lekha V (Audit Officer, On 26-06-2021)<br>Last Updated By: Lekha V (Audit Officer, On 26-06-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Lekha V (Audit Officer, On 26-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Lekha V (Audit Officer, On 28-06-2021)<br>Last Updated By: Lekha V (Audit Officer, On 28-06-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Lekha V (Audit Officer, On 26-06-2021)<br>Last Updated By: Ambily M (Asst. Audit Officer, On 29-06-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Lekha V (Audit Officer, On 26-06-2021)<br>Last Updated By: Ambily M (Asst. Audit Officer, On 29-06-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ<br>Written By: Lekha V (Audit Officer, On 26-06-2021)<br>Last Updated By: Ambily M (Asst. Audit Officer, On 29-06-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ambily M (Asst. Audit Officer, On 29-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Ranjith M (Senior Grade Auditor, On 28-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

05-2-2019തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്ഥിരംസമിതി അംഗീകരിച്ച ബജറ്റ് ജനറൽ കമ്മറ്റി 22.2.19 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 11575275 | 16597565 |
| വരവ് | 88624000 | 44003901 |
| ആകെ | 100199275 | 60601466 |
| ചെലവ് | 96110025 | 45636796 |
| നീക്കിയിരിപ്പ് | 4089250 | 14964670 |

ബജറ്റ് പരിശോധിച്ചതിൽ ശാസ്ത്രീയ അടിത്തറ ഇല്ലാതെ വരവ് ചെലവുകൾ പെരുപ്പിച്ച് കാണിച്ച് ആണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് കാണുന്നു. 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കത്തോടുകൂടി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളുടെ അവലോകനം

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പഞ്ചായത്തിൽ ലഭ്യമായ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധനയും വിശകലനവും നടത്തിയതിൽ വിവിധ ഇടപാടുകളുടെ അക്കൗണ്ടിങ്ങ് സംബന്ധിച്ച് നിലനിൽക്കുന്ന ന്യൂനതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. 26/07/2011- ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല.
2. വസ്തുനികുതി വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. സ്ഥിരനിക്ഷേപമായി 31.03.2020-ൽ അവശേഷിക്കുന്ന തുക B12ഷെഡ്യൂൾ പ്രകാരം 1046498/- രൂപയാണ് .(ശീർഷകം-420800101). നിക്ഷേപങ്ങളുടെ പ്രസ്തുത തീയതിയിലെ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും (1124679 രൂപ )തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.
4. 31.03.2020 ൽ സംയുക്ത പ്രോജക്ട് ഫണ്ടിന്റെ ബി-4 ഷെഡ്യൂളിൽ അവശേഷിക്കുന്ന സാക്ഷരതാ ഹെഡിലെ തുക ആയത് നിക്ഷേപിക്കുന്ന ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.
5. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള തൊഴിലുറപ്പ് പദ്ധതി EFMS വരവ്-ചെലവ് തുക തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല.
6. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന ബാരൽ വില നിക്ഷേപിച്ചിരിക്കുന്നത് 340100301 Contractors Retention എന്ന ഹെഡിലാണെന്ന് കാണുന്നു. തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ ബാരൽ വില തനത് ഫണ്ടിലും മറ്റ് ഫണ്ടുകൾ ചെലവഴിച്ച പ്രവൃത്തികളുടെ ബാരൽ വില അതാത് ഫണ്ടുകളിലും തിരികെ നിക്ഷേപിക്കേണ്ടതാണ്. ബാരൽ വില ലയബിലിറ്റി ഹെഡിൽ അക്കൗണ്ട് ചെയ്യുന്നത് ക്രമപ്രകാരമല്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16597565 |
| വരവ് | 44003901 |
| ആകെ | 60601466 |
| | |

| | |
|---|---|
| ചെലവ് | 45636796 |
| നീക്കിയിരിപ്പ് | 14964670 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |

## 1-4 ഫണ്ട് വിനിയോഗം

വികസനഫണ്ട് (പൊതു വിഭാഗം , എസ്.സി.പി) സോഴ്സിൽ കുറവുചെയ്ത 2,66,228 രൂപ (പ്രോജക്ട് നം 259/20,260/20,261/20) വാർഷികകണക്കിൽ പ്രതിഫലിച്ചിട്ടില്ല.

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 11090478 | 11090478 | 9170186 | 1920292 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 2427000 | 2427000 | 1678386 | 748614 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 193000 | 193000 | 188149 | 4851 |
| മെയിന്റനൻസ്, റോഡ് | | 0 | 8349000 | 8349000 | 5573221 | 2775779 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 3492000 | 3492000 | 1419436 | 2072564 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | | 8480090 | 8480090 | 4868277 | 3611813 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (ക്യാഷ് ബുക്ക് പ്രകാരം) | തൊഴിലാളികളുടെ കൂലി | | 9157618 | 9157618 | 9157618 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11247.70 | 889437 | 900684.70 | 887899 | 12785.70 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഐ.സി.ഡി എസ് | | 357846 | 534664 | 892510 | 682254 | 210256 |
| ശുചിത്വമിഷൻ ഗ്രാന്റ് | | 64949 | 00 | 64949 | 00 | 64949 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ റ്റി എസ് സി | | 549167 | 00 | 549167 | 414409 | 134758 |

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 06/03/2020 ലെ 2707/18/ DPC/DPO/KTM നം.ഉത്തരവു പ്രകാരം അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 02/10/2018 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 20.10.2018മുതൽ 28/10/2018 |
| വികസനസെമിനാർ | 09.11.2018 |
| ഊരുകൂട്ടം | 15.10.2018,22.1.2019,29.7.19,23.12.19,2.3.20 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 73548839/ രൂപയും ആകെ ചെലവ് 30571883/രൂപയുമാണ്. അംഗീകാരം ലഭിച്ച 219 പ്രോജക്ടുകളിൽ 151 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ

നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 4 | 1679000 | 871970 |
| 2 | വെറ്ററിനറി സർജൻ | 8 | 6 | 3119000 | 915601 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 5 | 1474326 | 865642 |
| 4 | മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 50000 | 50000 |
| 5 | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 350000 | 350000 |
| 6 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 24 | 22 | 15088560 | 6124105 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 6 | 5750106 | 2770082 |
| 8 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 34 | 26 | 8206308 | 3958982 |
| 9 | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. | 10 | 8 | 967100 | 497094 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 107 | 61 | 34624901 | 12394765 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 800000 | 700000 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 10 | 1439538 | 1073642 |
| | ആകെ | 219 | 151 | 73548839 | 30571883 |

റോഡിതര മെയിന്റനൻസ് ഗ്രാന്റിനത്തിൽ വകയിരുത്തിയ 4083000/- രൂപയിൽ 1419436/- രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്.

107 പ്രോജക്ടുകളിൽ 61എണ്ണം മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയത്.

ധനകാര്യകമ്മീഷൻ അവാർഡിനത്തിൽ വകയിരുത്തിയ 10137557/-രൂപയിൽ തൻ വർഷം ചെലവഴിക്കാൻ സാധിച്ചത് 4868277/-രൂപ മാത്രമാണ്.

പ്രോജക്ടുകൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ 11133913/-രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

<u>നിശ്ചിത ലക്ഷ്യം കൈവരിക്കാകയാൽ 1.11 കോടി രൂപ സഞ്ചിത നിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു</u>

2019-20 വർഷം സർക്കാർ ഫണ്ടുകളുടെ വിനിയോഗത്തിൽ ഗ്രാമപഞ്ചായത്തിന് നിശ്ചിത ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. 4521911/-രൂപയുടെ ബില്ലുകൾ ക്യൂവിലായതിനാൽ തൻവർഷം ചെലവഴിക്കാൻ സാധിച്ചില്ല.ട്രഷറി നിയന്ത്രണങ്ങളും,കോവിഡ് മൂലമുള്ള ലോക്ക് ഡൗണും കാരണമാണ് പദ്ധതി തുകയുടെ വിനിയോഗത്തിൽ കുറവ് സംഭവിച്ചിട്ടുള്ളത്.തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുത്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സഞ്ചിതനിധിയിലേക്ക് തിരികെ അടവാക്കിയ തുക |
|---|---|
| വികസനഫണ്ട് | 1920292 |
| | |

| | |
|---|---|
| എസ്.സി.പി | 748614 |
| ടി.എസ്.പി | 4851 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 2775779 |
| മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) | 2072564 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3611813 |
| ആകെ | 11133913 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം സർക്കാരിൽ നിന്നും ലഭിക്കുന്നില്ലാത്തതിനാൽ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട 1.11 കോടി രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 1.11 കോടിയിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് പഞ്ചായത്ത് കമ്മിറ്റി ഗൗരവമായി കാണേണ്ടതും ഭാവിയിൽ വിനിയോഗ ലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതിയും, സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധപതിയ്ക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

2019-20 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 12 | 10320 |
| കർഷകതൊഴിലാളി പെൻഷൻ | 477 | 1381800 |
| വിധവാപെൻഷൻ | 1086 | 3220800 |
| വാർദ്ധക്യകാല പെൻഷൻ | 2651 | 8125500 |
| വികലാംഗ പെൻഷൻ | 532 | 1610100 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 107 | 316800 |

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 ലേബർ ബജറ്റ് പ്രകാരം ആകെ 176 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 66 പദ്ധതികളിൽ 59 എണ്ണം പൂർത്തീകരിച്ചു. 2019-20 വർഷം 15 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 20385 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2019-20 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 51.47 ആണ്. 396 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തോട് പുനരുദ്ധാരണം, മഴക്കുഴി, കയ്യാല, ലൈഫ് ഭവനപ്രവൃത്തികൾ മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2019-20 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 11247.70 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 9157618 | 10047055.00 |
| | ക്യാഷ് വരവ് | 886295 | |
| | ബാങ്ക് പലിശ | 3142 | |
| ചെലവ് | തൊഴിലാളികളുടെ | 6441657.00 | 10045517.00 |

| | | | |
|---|---|---|---|
| | വേതനം | | |
| | വിദഗ്ദ തൊഴിലാളികളുടെ വേതനം | 2716665 | |
| | 100 ദിവസം പൂർത്തിയാക്കിയവർക്കുള്ള തുക | 116000 | |
| | ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ) | 771195 | |
| നീക്കിയിരിപ്പ് | | | 12785.70 |

ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല. എന്നാൽ മുന്നിരിപ്പ് , നീക്കിയിരിപ്പ് തുകകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്.

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2021 2.30പി എം ന് അക്കൗണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13659/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുന്നുമുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/ പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.അഡ്വാൻസ് രജിസ്റ്റർ,ഡിപ്പോസിറ്റ് രജിസ്റ്റർ,വായ്പ രജിസ്റ്റർ എന്നിവ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല.വിവിധ നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ ഡി.സി.ബി.തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-10 ഗ്രാമസഭകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3(3) പ്രകാരം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭായോഗം കൂടേണ്ടതും വികസന പ്രവർത്തന പുരോഗതികൾ അവലോകനം ചെയ്യേണ്ടതുമാണ്. എന്നാൽ വിവിധ വാർഡുകളിലെ ഗ്രാമസഭാമിനട്സുകൾ പരിശോധിച്ചതിൽ 2019-20 വർഷം രണ്ട് ഗ്രാമസഭകൾ മാത്രമേ കൂടിയിട്ടുള്ളൂ. നിയമാനുസൃതം ഗ്രാമസഭകൾ കൂടാതിരിക്കുന്നത് നിലവിലുള്ള നിയമങ്ങളുടെ ലംഘനമാകയാൽ ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-11 മോഡൽ പോളിടെക്നിക് കോളേജ് മറ്റക്കര-ക്രവൽക്കരണം

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി യുടെ ഉടമസ്ഥതയിലുള്ളതും മറ്റക്കരയിൽ സ്ഥിതി ചെയ്യുന്നതുമായ മോഡൽ പോളിടെക്നിക്കിന്റെ മൂന്നു കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും യഥാസമയം അനുമതി തേടിയിയിരുന്നില്ല. പ്രസ്തുത കെട്ടിടങ്ങൾ

ക്രമവൽക്കരിക്കുന്നതിനു സ്ഥാപനം 18.07.2020 ൽ അപേക്ഷനൽകിയിരുന്നുവെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. സെക്രട്ടറിയുടെ 20.11.2020 ലെ കത്ത് പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ അനുമതിക്കായി സമർപ്പിക്കുന്നതിന് സൈറ്റ് പ്ലാൻ, ബിൽഡിംഗ് പ്ലാൻ എന്നിവ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി കെട്ടിടം റെഗുലറൈസ് ചെയ്തതായി കാണുന്നില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 കെ.ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്ട്സ് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല.

അകലക്കുന്നം ഗ്രാമപഞ്ചായത്ത് 10- ാം വാർഡ് തെക്കുംതലയിൽ സ്ഥിതിചെയ്യുന്ന കെ.ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്ട്സ് എന്ന സ്ഥാപനത്തിന്റെ 13918.35 ച.മീ തറവിസ്തീർണ്ണമുള്ള 9 കെട്ടിടങ്ങൾ നിലവിൽ പഞ്ചായത്ത് അസ്സസ് മെന്റ് രജിസ്റ്ററിൽ ഇല്ലാത്തതും ആയവ സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിന് ടി കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിലേക്കായി ക്രമവൽക്കരണ ഫീസും കെട്ടിട നികുതിയും അടവാക്കുന്നതിന് അകലക്കുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിരുന്നുവെങ്കിലും ക്രമവൽക്കരണ ഫീസും കെട്ടിട നികുതിയും ഒഴിവാക്കുന്നതിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ടെന്ന മറുപടിയാണ് സ്ഥാപനം നൽകിയത്. സർക്കാർ നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി കെട്ടിടം അനധികൃത നിർമ്മാണമായി കണക്കാക്കി ക്രമവൽക്കരണ ഫീസും നാളിതുവരെയുള്ള വസ്തുനികുതിയും ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം | തൊഴിൽ നികുതി/ ഇനം |
|---|---|---|
| ഗാമ വുഡ് പ്രൊഡക്റ്റ് -മഞ്ഞാമറ്റം 1, 11 | 1, 11 | ജീവനക്കാരുടെയും, സ്ഥാപന തൊഴിൽനികുതിയും |
| ഗവ.എൽ.പി.എസ് -മണൽ | 1, 11 | ജീവനക്കാരുടെ തൊഴിൽനികുതി |
| കെ.ആർ നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്ട്സ് | 1, 11 | ജീവനക്കാരുടെ തൊഴിൽനികുതി |
| മിനി മുത്തൂറ്റ് -പൂവത്തിളപ്പ് | 1, 11 | ജീവനക്കാരുടെയും, സ്ഥാപന തൊഴിൽനികുതിയും |
| റബ്ബർ ട്രേഡിംഗ് കമ്പനി | 1, 11 | ജീവനക്കാരുടെയും, സ്ഥാപന തൊഴിൽനികുതിയും |
| ശ്രീ ഗണേഷ് ഇന്ഡ്യൻ സർവീസ് -തറക്കുന്ന് | 1, 11 | ജീവനക്കാരുടെയും, സ്ഥാപന തൊഴിൽനികുതിയും |
| റ്റോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് | 1, 11 | ജീവനക്കാരുടെ തൊഴിൽനികുതി |
| വിശ്വേശ്വരയ്യ-കരിമ്പാനി | 1, 11 | ജീവനക്കാരുടെ |

| | | തൊഴിൽനികുതി |
|---|---|---|

മേൽ പരാമർശിച്ച സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും മറ്റുസേവനങ്ങൾക്കും ലൈസൻസ് നല്കൽ -അപാകതകൾ

1. 2019-20 വർഷം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് വിവിധ കാരണങ്ങളാൽ നൽകിയിട്ടില്ല എന്ന് അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | സ്ഥാപനം | അപേക്ഷനിരസിച്ച കാരണം |
|---|---|---|---|
| 1 | വി.രവി<br>വെള്ളിയെപ്പള്ളിൽ,<br>പാദുവ | സ്റ്റേഷനറി | കെട്ടിട നം ഇല്ല |
| 2 | ടോം ജേക്കബ് | കാഞ്ഞിരമറ്റം അഗ്രോപ്രോടക്റ്റ് | പൊല്യൂഷൻ സർട്ടിഫിക്ക് ഇല്ല |
| 3 | ജിംസൺ ജോസഫ്<br>മുതുകുന്നേൽ,ചെങ്ങളം<br>10/339 | പാത്തിക്കൻസ് ഫർണ്ണീച്ചർ മാർട്ട് ചെങ്ങളം | ഫീസടച്ചില്ല |
| 4 | ഷിനു ബിജു<br>പാറക്കൽ<br>മറ്റക്കര പി.ഒ | സ്റ്റേഷനറി | പാർപ്പിടാവശ്യം |
| 5 | സെബാസ്റ്റ്യൻ<br>വാക്കയിൽ<br>മറ്റക്കരപി.ഒ | -- | പാർപ്പിടാവശ്യം |
| 6 | ഷാജി വി.ജി<br>നല്യകല്ലുങ്കൽ<br>മറ്റക്കര പി.ഒ | -- | കെട്ടിടനം ഇല്ല |
| 7 | എ.എം ജോസ്,അറക്കൽ,പാദുവ | -- | കെട്ടിടനം ഇല്ല |
| 8 | ലൌലി വിജയൻ<br>മുല്ലൂര്<br>പാദുവ | ബ്യൂട്ടി പാർലർ | ഫീസടച്ചില്ല |
| 9 | ദീപാ കെ അബ്രഹാം<br>മീൻപുഴക്കൽ<br>മറ്റക്കര പി.ഒ | ബ്യൂട്ടി പാർലര് | കെട്ടിട നം വ്യത്യാസം |
| 10 | ജോജി ജോസഫ്<br>വട്ടപ്പാറ,മറ്റക്കര പി.ഒ | പലചരക്ക്,സ്റ്റേഷനറി | കെട്ടിട നം ഇല്ല |
| 11 | എൻ.ടി മാത്യൂ<br>തെക്കെവയലിൻകൽ | പലചരക്ക് | കെട്ടിട നം തെറ്റ് |

| | | | |
|---|---|---|---|
| 12 | ദീപമോൾ പി.കെ<br>വെള്ളിയെപ്പള്ളിൽ,മറ്റക്കര<br>പി.ഒ | പലചരക്ക് | കെട്ടിട നം ഇല്ല |
| 13 | സിന്ധു ബാബു<br>പാറക്കൽ,മറ്റക്കര | വസ്ത്രവ്യാപാരം | കെട്ടിട നം ഇല്ല |
| 14 | പി.കെ മനുകുമാർ<br>കരിമ്പലാക്കൽ<br>മറ്റക്കര | ബേക്കറി | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 15 | സിബി തോമസ്<br>പുളിയാം പറമ്പിൽ | പച്ചക്കറി വ്യാപാരം | കെട്ടിട നം ഇല്ല |
| 16 | ഗിരിജാ രാജൻ<br>വട്ടോളി പുറത്ത്<br>കരിമ്പാനി പി.ഒ | ബിസിനസ്സ് ആവശ്യം<br>16/196 | കെട്ടിട നം .വ്യത്യാസം |
| 17 | ദാമോദരൻ പിള്ള പി.റ്റി<br>പുന്നക്കാമറ്റത്തിൽ,മറ്റക്കര<br>പി.ഒ | കാറ്ററിംഗ്,ഹയറിംഗ് | ഫിറ്റ് നസ്സ് സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 18 | ബിന്ദു എം.ബി<br>മരുതം കുഴിയിൽ<br>പാദുവ | പലചരക്ക് | ഫീസടച്ചില്ല |
| 19 | എം .വി ശിവൻ<br>എക്കെരകുഴിയിൽ,പാദുവ<br>പി.ഒ | സ്റ്റേഷനറി | ഉപയോഗക്രമം പാർപ്പിടം |
| 20 | അരുൺ എം.എൻ<br>ചക്രപുരക്കൽ<br>മറ്റക്കര | ആവന്തിക ഡെക്കറേഷൻസ് | കെട്ടിട നം ഇല്ല |

2. സഞ്ചയയിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 584 കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് എന്ന വിഭാഗത്തിൽ പെടുന്നതാണ്.എന്നാൽ 2019-20ൽ 208 സ്ഥാപനങ്ങൾ മാത്രമെ ലൈസൻസിന് അപേക്ഷ നല്കിയതായി കാണുന്നുള്ളു.ട്രയ്ഡേഴ്സ് ലിസ്റ്റ് കാലികമല്ല.

3.മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ ഈടാക്കേണ്ടത് എന്നത് ചട്ടത്തിൽ നിഷ്കർഷിച്ചുണ്ടെങ്കിലും അപേക്ഷകർ മൂലധനനിക്ഷേപം അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിനം2/22-06-21 ന് മറുപടി ലഭിച്ചിട്ടുണ്ട്. ലൈസൻസ് ലഭിക്കാത്ത അപേക്ഷകളിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിചിട്ടുണ്ട്.കൂടാതെ ലൈസൻസ് എടുക്കാത്ത മറ്റുസ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കിയതായുംഅറിയിച്ചിട്ടുണ്ട്. ലൈസൻസ്എടുക്കാത്ത എല്ലാ സ്ഥാപനങ്ങളേയും നിയമാനുസൃത ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 കെട്ടിട നിർമാണപെർമിറ്റ് അപേക്ഷകൾ തീർപ്പാക്കാത്തതു സംബന്ധിച്ച്

ചുവടെ ചേർക്കുന്ന കെട്ടിട നിർമാണപെർമിറ്റ് അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല

| ക്രമനം | അപേക്ഷകൻ | കെട്ടിടം-തരം | വിസ്തീർണ്ണം | അപേക്ഷ നൽകിയതീയതി |
|---|---|---|---|---|
| 1 | സ്കറിയ ചാണ്ടി | വാണിജ്യം- | 39.40m2 | 1/07/19 |

| | | | | |
|---|---|---|---|---|
| | കൊച്ചുമാടത്തിൽ<br>മറ്റക്കര<br>വാർഡ് 8 | ക്രമവൽക്കരണം | | |
| 2 | ജോസഫ്<br>പറമ്പകത്ത്<br>കൊഴുവനാൽ | പൌൾട്രി ഫാം | 120m2 | 1/09/19 |
| 3 | സാബു മാത്യു<br>മാടപ്പള്ളി<br>മറ്റത്തിൽ<br>മുഴൂർ പി.ഒ | ഗാർഹികം | 492.87m2 | 20/11/19 |

മേൽ പറഞ്ഞ അപേക്ഷകരുടെ കെട്ടിടനിർമ്മാണ/ക്രമവൽക്കരണഅപേക്ഷകൾ തീർപ്പാക്കാത്തതിന്റെ കാരണം സബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 13/19-20 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. അപേക്ഷകളിൽ അപാകതകൾ ഇല്ലെങ്കിൽ 15 ദിവസത്തികം പെർമിറ്റ് നല്കേണ്ടതുണ്ട് ടി അപേക്ഷകളിൻമേൽ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 നിക്ഷേപതുകകൾ ക്രമവൽക്കരിച്ചിട്ടില്ല

ഡിപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വിവിധ ശീർഷകത്തിൽ നിക്ഷേപമായി ലഭിച്ച തുകകൾ നാളിതുവരെക്രമവൽക്കരിക്കാത്തതായി കാണുന്നു.

ഡിപ്പോസിറ്റ്-ഹാൾ ആൻഡ് ഓഡിറ്റോറിയം-7000/-(2014 മുതലുള്ളത്)
സപ്ലയേഴ്സ് ഇ.എം.ഡി- 82480/-(2013 മുതലുള്ളത്)
അദർ ഡിപ്പോസിറ്റ്- 1150/-(2017 മുതലുള്ളത്)
സപ്ലയേഴ്സ് സെക്യൂരിറ്റി ഡിപ്പോസിറ്റ്- 42685/-(2017 മുതലുള്ളത്)
കോൺട്രാക്ടേഴ്സ് ഇ.എം.ഡി- 32813/-(2014 മുതലുള്ളത്)
ബിഡേഴ്സ് ഇ.എം.ഡി - 13875/-(2018 മുതലുള്ളത്)
കോൺട്രാക്ടേഴ്സ്-സെക്യൂരിറ്റി ഡിപ്പോസിറ്റ്- 14500/-(2018മുതലുള്ളത്)

ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കുകയും കാലകരണപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതുമാണ്.

## 1-17 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല.തനതുഫണ്ടിൽ നിന്നും നല്കിയ എല്ലാ മുൻകൂറുകളും അഡ്വാൻസ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. വാർഷിക ധനകാര്യപത്രിക പ്രകാരം തൻവർഷം 9000/രൂപ-ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ മുൻകൂറായി ചെലവഴിച്ചിട്ടുണ്ട്. ആയത് അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. എല്ലാ മുൻകൂറുകളും അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയത് ക്രമീകരിക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ ചേർത്ത് കാലികമാക്കേണ്ടതാണ്.

## 1-18 ഇ- ടെണ്ടർ ഫീസ് തിരികെ ലഭ്യമാക്കുവാൻ തുടർ നടപടി സ്വീകരിച്ചിട്ടില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ്. ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. അകലക്കുന്നം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുക തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എക്സി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക ലഭ്യമായിട്ടില്ല. ടി തുകകൾ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടുള്ള 38443974241 എന്ന കറണ്ട് അക്കൗണ്ടിലേയ്ക്ക് തിരികെ ലഭിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്. 2019-20 വർഷം ഇ -ടെണ്ടർ ഫീസ് ഇനത്തിൽ ലഭ്യമാകേണ്ട തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. തുക ലഭ്യമാകുന്നതിന് നാളിതുവരെ ഇ-ടെൻഡർ ഇനത്തിൽ പഞ്ചായത്തിന് ലഭ്യമാക്കേണ്ട തുക െഎക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ

നിക്ഷേപിച്ചിട്ടുള്ളത് സംബന്ധിച്ച പട്ടിക ഓരോ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പ്രത്യേകം തയ്യാറാക്കി തുക തിരികെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെടേണ്ടതാണ്.

| പ്രോജക്ട് നം, പ്രോജക്ട് | എസ്റ്റിമേറ്റ് തുക | ഇ -ടെണ്ടർ ഫീസ് |
|---|---|---|
| 100/19-20, കൃഷി ഭവൻ കെട്ടിടം മെയിന്റനൻസ് | 575000 | 1150 |
| 222/19-20, ചെങ്ങളം കർഷക ഓപ്പൺ മാർക്കറ്റ് പൂർത്തീകരണം | 610000 | 1220 |
| 23/19-20, ചെങ്ങളം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 1300000 | 2600 |
| 94/19-20, അങ്കണവാടി മെയിന്റനൻസ് | 450000 | 900 |
| 117/19-20, ചെങ്ങളം കർഷക ഓപ്പൺ മാർക്കറ്റ് പൂർത്തീകരണം | 525000 | 1050 |
| 211/19-20 , മാലിന്യ സംഭരണകേന്ദ്രം പൂർത്തീകരണം രണ്ടാം ഘട്ടം | 300000 | 600 |
| 22/19-20 പതിക്കൽ പോളിടെക്നിക്ക് പൊള്ളക്കാട് റോഡ് കോൺക്രീറ്റിംഗ് | 340000 | 680 |
| 45/19-20, പ്ലാത്തറ വേങ്ങത്താനം റോഡ് കോൺക്രീറ്റിംഗ് | 350000 | 700 |
| 64/19-20, കരിമ്പാനി കൈതനാൽ മാക്കത്തോളം റോഡ് കോൺക്രീറ്റിംഗ് | 650000 | 1300 |
| 66/19-20 കാവുംപുറം പൂവക്കുളം മണ്ണൂർപ്പള്ളി റോഡ് ടാറിംഗ് | 350000 | 700 |
| 70/19-20 , ചാത്തൻതറ കണിപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് | 400000 | 800 |
| 85/19-20 , കവലയ്ക്കൽ ഇളപ്പാനി റോഡ് മെയിന്റനൻസ് | 375000 | 750 |
| 87/19-20, ചെങ്ങളം പൊങ്ങൻപാറ റോഡ് മെയിന്റനൻസ് | 300000 | 600 |
| 88/19-20, ചെങ്ങളം പന്തപ്ലാക്കൽ റോഡ് മെയിന്റനൻസ് | 600000 | 1200 |

## 1-19 ദുരിതാശ്വാസ നിധി സമാഹരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധ കാണിക്കുന്നില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങളിലെ ചട്ടം3 പ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധി രൂപീകരണ ചട്ടങ്ങൾ, ചട്ടം 4(3) പ്രകാരം അകലക്കുന്നം ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധിയിലേയ്ക്ക് പണം സ്വരൂപിക്കുന്നതിനും ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനായി പ്രസിഡണ്ട് ചെയർമാനും,സെക്രട്ടറി കൺവീനറും,തെരഞ്ഞെടുക്കപ്പെട്ട അംഗമായി വൈസ് പ്രസിഡണ്ട്,അതാത് വാർഡ് മെമ്പർമാർ ,ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ എന്നിവരുൾപ്പെട്ട ഒരു സബ്കമ്മറ്റി അംഗീകാരത്തോടെ ധനസഹായം നൽകുന്നതിനും 16.10.2010 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 23.10.2010 ൽ ആദ്യ സബ്കമ്മറ്റി യോഗം ചേർന്നിട്ടുണ്ട്.2.11.2020,7.5.21തീയതികളിൽ യോഗം ചേരുകയും ചികിത്സാസഹായം ആവശ്യപ്പെട്ട

ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാർക്ക് 5000/- രൂപ വീതം ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസ നിധിയുടെ 2019-20 വർഷത്തെ വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 16568 |
| വരവ് | 76000 |
| പലിശവരവ് | 916 |
| ചെലവ് | ഇല്ല |
| നീക്കിയിരുപ്പ് | 93484 |

4.11.20 മുതലാണ്ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നും തുക ചെലവഴിക്കാൻ തുടങ്ങിയത്.നാളിതുവരെ 40,000/- രൂപ ചികിത്സാധനസഹായമായി നൽകിയിട്ടുണ്ട്. നിലവിൽ 56890/- രൂപ നീക്കിയിരുപ്പുണ്ട്(31.3.21 ലെ പലിശ വരവ് 3406/- രൂപ).ദുരിതാശ്വാസ നിധി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ദുരിതാശ്വാസ നിധി ധനശേഖരണാർത്ഥം കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും,വ്യക്തികൾ,സംഘടനകൾ,സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്.ദുരിതാശ്വാസനിധി സമാഹരിക്കുന്നതിൽ സബ്കമ്മറ്റി അംഗങ്ങൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-20 ക്ഷീരകർഷകർക്ക്സബ്സിഡിയിനത്തിൽ മതിയായ തുക അനുവദിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ 6 ക്ഷീര സംഘങ്ങൾ വഴിയാണ് ക്ഷീരകർഷകരുടെ പാൽ സംഭരിക്കുന്നത്. 2019-20 വർഷം ക്ഷീരകർഷകർക്ക് പാലളവിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ 7 മാസത്തേയ്ക്ക് മാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് വിഹിതം 6,00,000 രൂപയും, ജില്ലാപഞ്ചായത്ത് വിഹിതം 2,00,000 രൂപയുമുൾപ്പടെ തൻവർഷം ആകെ 8,00,000 രൂപയാണ് ക്ഷീരകർഷകർക്ക് സബ്സിഡിയിനത്തിൽ നൽകാൻ വകയിരുത്തിയത്. ജി.ഒ.(എം.എസ്)നം.22/18 ത.സ്വ.ഭ.വ തീ 14.2.2018 ഉത്തരവ് പ്രകാരം ക്ഷീരകർഷകർ ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക ക്ഷീരകർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകണം. (ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പടെ). ഒരുകർഷകന് സബ്സിഡിയിനത്തിൽപരമാവധി നൽകാവുന്ന തുക 40,000/- രൂപയാണ്. ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിനൊപ്പം ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം കൂടി നേടിയെടുത്ത് ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി തുക വകയിരുത്തി ക്ഷീരകർഷകരുടെ ഈ മേഖലയിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ലൈഫ് പദ്ധതി അവലോകനം

അകലക്കുന്നം ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം ആകെ ജനറൽ വിഭാഗത്തിലും എസ് .സി വിഭാഗത്തിലും രണ്ട് വീതം ഗുണഭോക്താക്കളാണ് ലൈഫ് പദ്ധതിയുടെ ഭാഗമായി കരാറിൽ ഏർപ്പെട്ടത്.ആയതിൽ ജനൽ വിഭാഗത്തിലെ രണ്ടു ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എസ്.സി വിഭാഗത്തിൽ ഓമന രാഘവൻ എന്ന ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് പദ്ധതി ജനറൽ വിഭാഗം (പ്രോജക്ട് നം So 136/20) വിഭാഗത്തിൽ വകയിരുത്തിയ തുകയുടെയും ചെവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വിഭാഗം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസന ഫണ്ട് | 2218400 | 1181146 |
| സംസ്ഥാന | 900000 | 100000 |

| | | |
|---|---|---|
| വിഹിതം | | |
| ബ്ലോക്ക് വിഹിതം | 200000 | 200000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 300000 | 300000 |
| ആകെ | 3618400 | 178146 |

ലൈഫ് ഭവന നിർമ്മാണം എസ്.സി വിഭാഗം ചെലവുകൾ(പ്രോജക്ട് എസ് 154/20)

| വിഭാഗം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസന ഫണ്ട് എസ്.സി.പി | 200000 | 200000 |
| ബ്ലോക്ക് വിഹിതം | 149763 | 149763 |
| ജില്ലാപഞ്ചായത്ത് | 150237 | 50237 |
| ആകെ | 500000 | 400000 |

ലൈഫ് ഭവന നിർമ്മാണം ഭവന നിർമ്മാണം ജനറൽ (പ്രോജക്ട് എസ് 183/20)

| | | |
|---|---|---|
| ബ്ലോക്ക് വിഹിതം | 24100 | 0 |
| ലോൺ | 2755900 | 700000 |
| ആകെ | 2780000 | 700000 |

കൂടാതെ 2018-19 കരാറിലേർപ്പെട്ട ശുഭ സന്തോഷ് എന്ന ഗുണഭോക്താവും നാളിതു വരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ടി വ്യക്തികളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-22 ലൈഫ് ഭവന പദ്ധതി പ്രകാരം നല്കിയ തുക വിനിയോഗിച്ചിട്ടില്ല.

ശ്രീമതി. ശുഭാ സന്തോഷ് കുന്നംപുറത്ത് കരിമ്പിനിഴം എന്ന വ്യക്തിയെ ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നു. രണ്ടുഘട്ടങ്ങളിലായി 2 ലക്ഷം രൂപ അനുവദിച്ചു. എന്നാൽ ഒന്നാം ഘട്ടത്തിൽ പൂർത്തീകരിക്കേണ്ട തറയുടെ പണിമാത്രമാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്.കരാർ പ്രകാരം ആദ്യ ഗഡു കൈപ്പറ്റി ആറു മാസത്തിനകം പണി പൂർത്തീകരിക്കേണ്ടതുണ്ട്.എന്നാൽ ടി വ്യക്തി ഭവന നിർമ്മാണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 3.12.2019 ലെ 1(6) നം.തീരുമാന പ്രകാരം ശ്രീമതി.ശുഭാ സന്തോഷ് ,കുന്നപുറത്ത് കരിമ്പാനിയുടെ പക്കൽ നിന്നും ലൈഫ് ഭവന പദ്ധതി പ്രകാരം കൈപ്പറ്റിയ തുക തിരിച്ച് പിടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വി.ഇ.ഒ യെ ചുമതലപ്പെടുത്തിയിരുന്നു.എന്നാൽ നാളിതുവരെ തുക തിരികെ ഈടാക്കുവാൻ സാധിച്ചിട്ടില്ല.ആയതിനാൽ അടിയന്തിരമായി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 അഗതിരഹിത കേരളം പദ്ധതി പ്രവർത്തനങ്ങൾ

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാംലബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ 'അഗതി രഹിതകേരളം' പദ്ധതി കുടുംംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിയ്ക്ക് മുമ്പ് അനുവദിച്ചിട്ടുള്ള തുകകളിൽ ബാക്കി വരുന്ന തുക അഗതിരഹിത കേരളം പദ്ധതിയ്ക്ക് വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആശ്രയ ബാങ്ക് അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക 838252/- രൂപ എസ്.ബി.ഐ.പൂവത്തിളപ്പ് ശാഖയിലേയ്ക്ക് (A/C No. 38562680018) മാറ്റിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 57അഗതിരഹിത കുടുംബങ്ങളെ സർവ്വേ പ്രകാരം കണ്ടെത്തിയിട്ടുണ്ട്. അഗതിരഹിത കേരളം പദ്ധതിയുടെ ചലഞ്ച് ഫണ്ട് 1994213/-രൂപയും, ആകെ അടങ്കൽ 4994213/- രൂപയുമായി സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ

മാനദണ്ഡങ്ങൾ പ്രകാരം കണ്ടെത്തപ്പെട്ട അഗതിരഹിത കുടുംബങ്ങൾക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ പ്രോജക്ടുകൾ പ്രകാരം ഓരോ കുടുംബങ്ങൾക്കും പരിചരണ സേവനങ്ങളുടെ പാക്കേജ് നിർബന്ധമായും നടപ്പാക്കണമെന്ന സർക്കാർ ഉത്തരവ് ഉണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ അഗതികുടുംബങ്ങൾക്ക് ഭക്ഷണ സാധനങ്ങളുടെ കിറ്റ് വിതരണം എന്ന പരിമിതമായ ആവശ്യത്തിന് മാത്രമാണ് ഫണ്ട് ഉപയോഗിക്കുന്നത്. ആയതിന് പ്രതിമാസം 36000/- രൂപയോളം ചെലവഴിക്കുന്നുണ്ട്. 31.03.2020 ൽ ടി അക്കൗണ്ടിലെ ബാലൻസ് 410930/-രൂപയും,29.3.21 ൽ ബാലൻസ് 133141/-രൂപയുമാണ്.ആയതിനാൽ ചലഞ്ച് ഫണ്ട് എത്രയും വേഗം നേടിയെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.അഗതി കുടുംബങ്ങൾക്ക് നൽകേണ്ട പരിചരണ സേവനങ്ങളുടെ പ്രോജക്ട് തയ്യാറാക്കി "അഗതി രഹിതകേരളം" എന്ന പദ്ധതിയുടെ പൂർണ്ണ ലക്ഷ്യം കൈവരിയ്ക്കാൻ കഴിയുന്ന വിധം പരിചരണ സേവനങ്ങളുടെ പാക്കേജ് പൂർണ്ണമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 ടെണ്ടർ നടപടിക്രമം - ടെണ്ടർ നിരസിക്കുന്നതിന്റെയും , റീടെണ്ടർ ചെയ്യുന്നതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ഏറ്റവും കുറഞ്ഞ തുക ടെണ്ടർ നൽകിയ കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കാതെ കൂടിയ തുക ക്വാട്ട് ചെയ്ത ആൾ പ്രവൃത്തി ഏറ്റെടുത്തതായി കാണുന്നു. വിവിധ കാരണങ്ങളാൽ ടെണ്ടർ നിരസിച്ചതിനാൽ റീടെണ്ടർ ചെയ്തതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (05/23.06.21) മറുപടി ലഭ്യമാക്കിയിട്ടുണ്ട് . ടെണ്ടർ നിരസിക്കുന്നതിന്റെയും റീടെണ്ടർ ചെയ്യുന്നതിന്റെയും വിശദാംശങ്ങൾ പ്രോജക്ട് ഫയലിലോ , ടെണ്ടർ രജിസ്റ്ററിലോ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം , പ്രവൃത്തി | കുറഞ്ഞ തുക ടെണ്ടർ ചെയ്ത ആൾ , ടെണ്ടർ കുറവ് (എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ) | കരാർ ലഭിച്ച ആൾ , ടെണ്ടർ കുറവ് |
|---|---|---|
| മറ്റപ്പള്ളി - ചെളിക്കുഴി റോഡ് റീകോൺക്രീറ്റിംഗ് | ആൽബിൻ പയസ് , 21 % കുറവ് | ജോഷി സഖറിയാസ് , 18 % കുറവ് |
| 164/20 , ഗവ.എൽ പിഎസ് അകലക്കുന്നം മെയിന്റനൻസ് | ജോസ് സിറിയക് , 4% കുറവ് | ജെയിൻ പി ജോർജ് , എസ്റ്റിമേറ്റ് നിരക്ക് |
| 152/20 , കരിമ്പാനി - കൂവക്കപ്പടി റോഡ് കോൺക്രീറ്റിംഗ് രണ്ടാം ഘട്ടം | ജോസ് സിറിയക്ക് , കോടിക്കുളം , 5% കുറവ് | ജോഷി സഖറിയാസ് , 01% കുറവ് |
| 170/20 ചെങ്ങളം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - മുറ്റം ടൈൽ ഇടലും അനുബന്ധ പ്രവൃത്തികളും | തമ്പി തോമസ്, 4.9 % കുറവ് | ജോഷി സഖറിയാസ് , 02% കുറവ് |
| അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | | |

## 1-25 പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും വിവിധ നികുതികൾ കുറവ് ചെയ്തതിലെ അപാകത

| | |
|---|---|
| നിർവഹണം | അസി.എഞ്ചിനീയർ |
| പ്രോജക്ട് നം , പ്രോജക്ട് | 168/20 , പഞ്ചായത്ത് ഓഡിറ്റോറിയം നവീകരണവും അനുബന്ധ പ്രവൃത്തികളും |
| ചെലവ് | 1120338(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| കരാറുകാരൻ | സന്തോഷ് തോമസ് |
| ബിൽ നം | 26/07.08.19 |

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും വിവിധ നികുതികൾ കുറവ് ചെയ്തതിൽ ചുവടെ ചേർക്കും പ്രകാരം അപാകത സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ വേല മൂല്യം | 1120338 രൂപ |
| കുറവ് ചെയ്യേണ്ടിയിരുന്നത് | IT (1%)- 11203<br>CGST (1%) – 11203<br>SGST(1%) - 11203<br>KCWWF (1%)– 11203<br>ആകെ - 44812 രൂപ |
| കുറവ് ചെയ്തത് | IT (1%)- 1121<br>CGST (1%)– 1121<br>SGST (1%)- 1121<br>KCWWF (1%)– 1121<br>ആകെ - 4484 രൂപ |

തുക ഈടാക്കി വിവരം ലഭ്യമാക്കുമെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (07/23-06-21) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുറവ് വന്ന തുക 40328 രൂപ ഈടാക്കി വിവിധ ഫണ്ടുകളിലേയ്ക്ക് അടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-26 കുട്ടാക്കുഴി കുടിവെള്ള പദ്ധതി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണം | അസി.എഞ്ചിനീയർ |
| പ്രോജക്ട് നം | 201/20 |
| ചെലവ് | 5917 രൂപ (തനത് ഫണ്ട് )<br>269000 രൂപ(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

വാട്ടർ ടാങ്ക് സ്ഥാപനം ,പമ്പിംഗ് മെയിൻ സ്ഥാപന പ്രവൃത്തികളാണ് 2019-20 ൽ പൂർത്തീകരിച്ചത്. ചില സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം പ്രോജക്ട് വിഭാവനം ചെയ്ത പ്രകാരം പമ്പിംഗ് മെയിൻ ടാങ്ക് വരെ എത്തിക്കാൻ കഴിയാതെ വന്നു. 2020-21 വർഷത്തെ ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ പമ്പിംഗ് മെയിൻ ദീർഘിപ്പിക്കൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ള പദ്ധതി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 ബാരൽ വില തിരികെ ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് അടവാക്കേണ്ടതാണ്.

സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ30.10.07 പ്രകാരം ടാർ വാങ്ങാൻ തുക ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ

നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (236+18% GST) ചെലവ് നടന്ന ഫണ്ടിൽ നിന്നും നേരിട്ട് കുറവ് ചെയ്ത ശേഷമാണ് ചില ബില്ലുകളിൽ കരാറുകാരന് തുക നൽകിയിട്ടുള്ളത്. ആയത് ശരിയായ നടപടിയാണ്. എന്നാൽ തനത് ഫണ്ട് ചെലവല്ലാത്ത ചില ബില്ലുകളിൽ ബാരൽ വില തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ മാത്രം ബാരൽ വിലയേ തനത് ഫണ്ടിൽ നിക്ഷേപിക്കാൻ കഴിയൂ. മറ്റു ഫണ്ടുകളുപയോഗിച്ചു നടപ്പാക്കിയ പ്രവൃത്തികളുടെ ബാരൽ വില നേരിട്ട് ഫണ്ടിൽ കുറവ് ചെയ്യുകയോ അല്ലാത്തപക്ഷം പ്രസ്തുത ഫണ്ടിലേയ്ക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

## 1-28 നിക്ഷേപപ്രവൃത്തികൾക്ക് വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല

2019-20വർഷം വിവധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച 1057900/-രൂപയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്,നം. | നിക്ഷേപിച്ച തുക | നിർവ്വഹണഏജൻസി | ബിൽ നം / വൗച്ചർ നം.,തീയതി |
|---|---|---|---|---|
| 1 | ദർശന അങ്കണവാടി നെല്ലിക്കുന്ന് കെട്ടിടനിർമ്മാണം 167/20 | 100,000 | പി.ഡബ്ളിയു.ഡി.കെട്ടിടനിർമ്മാണ വിഭാഗം,കോട്ടയം | 3/20 തീ7.5.19 |
| 2 | ആലുങ്കൽ തകിടി വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 213/20 | 300000 | വാട്ടർ അതോറിറ്റി | 21/20 തീ18.1.20 |
| 3 | പൂവത്തിളപ്പ് വാട്ടർ ടാങ്കിൽ നിന്നും വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കൽ93/20 | 25000 | വാട്ടർ അതോറിറ്റി | Ch.107065/11.3.20 |
| 4 | പൂവത്തിളപ്പ് വാട്ടർ ടാങ്കിൽ നിന്നും പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 204/20 | 250000 | വാട്ടർ അതോറിറ്റി | 20/19-20 തീ.10.12.19 |
| 5 | അക്ഷര അങ്കണവാടി നെല്ലിക്കുന്ന് വാട്ടർ കണക്ഷൻ 113/20 | 10000<br>22900 | വാട്ടർ അതോറിറ്റി | 30/20തീ. 12.2.20ch.1155901/14.2.20 |
| 6 | ക്ലാക്കുഴി എസ്.സി.സങ്കേതം കുടിവെള്ള പദ്ധതി ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് ഡിപ്പോസിറ്റ് 243/20 | 300000 | വാട്ടർ അതോറിറ്റി | 8/20തീ. 7.12.19(286300)<br>11/20 തീ.27/2/20(13700) |
| | ആകെ | 1007900/- | | |

വിനിയോഗവിവരം ലഭ്യമാകുന്നതുവരെ 1007900/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200,000 | ലൈഫ് മിഷൻ ഭവനനിർമ്മാണം (ജനറൽ) | 200,000 | 0 |
| ‘’ | | | | | |
| | 019-20 | 229968 | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 229968 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 98591 | വീട് വാസയോഗ്യമാക്കൽ | 98591 | 0 |
| ‘’ | 2019-20 | 300000 | ലൈഫ് മിഷൻ ഭവനനിർമ്മാണം(ജനറൽ) | 300000 | 0 |
| | 2019-20 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 100000 |
| | 2019-20 | 199760 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർ ഷിപ്പ് | 199760 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | പ്രവൃത്തിയുടെ പേര് | നിർവണ ഏജൻസി | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | ആലുങ്കൽ തകിടി വാട്ടർ -അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ, 213/2020 | കേരള വാട്ടർ അതോറിറ്റി | 300,000/- |
| 2 | പൂവത്തിളപ്പ് വാട്ടർ ടാങ്കിൽ നിന്നും വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കൽ 93/20 | കേരള വാട്ടർഅ തോറിറ്റി | 25000/- |
| 3 | പൂവത്തിളപ്പ് വാട്ടർ ടാങ്കിൽ നിന്നും പൈപ്പ് ലൈൻ നീട്ടൽ, 204/2020 | കേരള വാട്ടർ അ തോറിറ്റി | 250,000/- |
| 4 | കാരിമല അങ്കണവാടി -പയ്യാനി മണ്ഡപം ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ110/20 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 42296/- |
| 5 | സ്ട്രീറ്റ് മെയിൻ വലിക്കൽ -അറയ്ക്കപ്പടി-കോളനി റോഡ്, 111/2020 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 43470 / |
| 6 | അക്ഷര അങ്കണവാടി -നെല്ലിക്കുന്ന് വാട്ടർ കണക്ഷൻ | കേരളവാട്ടർ അതോറിറ്റി | 32900 |
| 7 | ക്ലാക്കുഴി എസ്.സി.സങ്കേതം കുടിവെള്ള പദ്ധതി ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് ഡിപ്പോസിറ്റ്,243/20 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 300,000 |
| 8 | ദർശന അങ്കണവാടി നെല്ലിക്കുന്ന് കെട്ടിടനിർമ്മാണം | പി.ഡബ്ല്യൂ.ഡി.ബിൽഡിംഗ് സെക്ഷൻ | 100,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻ വർഷം മൊബിലൈസേഷൻ ഇനത്തിൽ തുകയൊന്നും നല്കിയിട്ടില്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 700,000/- രൂപ വരവുണ്ട്. വായ്പ തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 1742608 | 1042608 | 264706 | - | 1477902 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1037355 |
| തൻവർഷം നിക്ഷേപിച്ച തുക | --- |
| പലിശവരവ് | 87324 |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1124679 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/C No-7228) | 01.04.19 | 1 വർഷം | 496690 | |
| 2 | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/C No-7229) | 01.04.19 | 1 വർഷം | 248346 | |
| 3 | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/C No-7230) | 01.04.18 | 1 വർഷം | 369643 | |
| 4 | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ | 01.04.18 | 1 വർഷം | 10000 | |

| | | | | | |
|---|---|---|---|---|---|
| | ബാങ്ക് (A/C No-3076) | | | | |
| ആകെ | | | | 1124679/- | |

വാർഷിക കണക്ക് B12ഷെഡ്യൂൾ പ്രകാരം 1046498/- രൂപയാണ് ഇൻവെസ്റ്റ്മെന്റ് ആയി ഉൾപ്പെടുത്തിയിട്ടുള്ളത്. 78181/ രൂപയുടെ വ്യത്യാസം ഉണ്ട്.വാർഷിക കണക്കുകളിൽ ടി വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല

## 4-8 ചാർജ്/സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 60601466 രൂപ(മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 45636796 രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1007900 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം:

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 707900 | സൂസി ജോസഫ്<br>സെക്രട്ടറി<br>അകലക്കുന്നം ഗ്രാമ പഞ്ചായത്ത് |
| 1-28 | 300000 | സെറീന അബ്ദുൾ അസീസ്<br>അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30.09.2018 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(2)/18/ 16.02.2018 | 3 |
| 2005-06 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(1)/18/ 16.02.2018 | 9 |
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(3)/18/ 30.01.2018 | 2 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(4)/18/ 31.01.2018 | 9 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(5)/18/ 31.01.2018 | 4 |
| 2009-10 | എൽ.എഫ്.കെ.പി12-521/13 / 18.05.2013 | - |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(6)/18/ 31.01.2018 | 8 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(7)/18/ 05.04.2018 | 18 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി12/164/15/05.05.2016/10.05.2016 | 11 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി12/1500/16/22/.02.17/17.04.2017 | - |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13/1863/16/02.05.2017 | 10 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13/1365/2017/22.01.2018 | 18 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13/1953/2018/10.5.19 | 20 |
| 2018-19 | കെ.എസ്.എ.കെ.ടി.എം .പി 13/1395/2019/10.10.2019 | 18 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്